ഉത്തരം

(എ) അപേക്ഷകരുടെ വിവരം താഴെചേർക്കുന്നു :

ചെറുവണ്ണൂർ പഞ്ചായത്ത്	-	195
ആലഞ്ചേരി	-	50
പുറമേരി	-	60
തിരുവള്ളൂർ	-	34
ആകെ		339

(ബി) ചെറുവണ്ണൂർ പഞ്ചായത്തിലേയും ആലഞ്ചേരി പഞ്ചായത്തിലേയും വർക്കുകൾ ഇപ്പോൾ ചെയ്യുവാൻ ലക്ഷ്യമിട്ടിട്ടുള്ള വർക്കുകളുടെ കൂട്ടത്തിൽപ്പെടുന്നു. ഇവ സാധനസാമഗ്രികളുടെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ പൂർത്തിയാക്കുന്നതാണ്. ബാക്കി വർക്കുകൾ പിന്നീട് മാത്രം ചെയ്യാവുന്നവയാണ്.

പ്രിന്റിംഗ് ജോലികളുടെ പ്രതിഫലം നൽകാൻ നടപടി

21 (4629) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് ഇലക്ട്രിക്കൽ ഡിവിഷന്റെ കീഴിലുള്ള ഇലക്ട്രിക്കൽ സെക്ഷൻ ആഫീസിന്റെ ആവശ്യത്തിനായി സെൽഫ് റീഡിംഗ് ഇൻവോയ്സ് ബുക്കുകൾ പ്രിന്റ് ചെയ്ത ഇനത്തിൽ നൽകുവാനുള്ള 37,130 രൂപ ലഭിക്കുന്നതിനായി പ്രസ്തുത ജോലി ചെയ്തു നൽകിയ വനിതാ വ്യവസായ പ്രിന്റിംഗ് യൂണിറ്റ് ഉടമസ്ഥ ശ്രീമതി സരസയുടെ അപേക്ഷ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ബിൽ തുക വിഭജിച്ചു നൽകാൻ കെ. എസ്. ഇ. ബി. അധികൃതർ ആവശ്യപ്പെട്ടിരുന്നോ ;

(സി) പ്രിന്റിംഗ് ഉടമസ്ഥയ്ക്ക് ലഭിക്കുവാനുള്ളതിൽ 6,250 രൂപ മാത്രമേ നൽകിയിട്ടുള്ളുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സർക്കാരിന് ഇതു സംബന്ധിച്ച് 10-9-2001-ലും 21-11-2002-ലും സമർപ്പിച്ച സങ്കട ഹർജിയിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ;

(ഇ) പ്രിന്റിംഗ് ജോലി ചെയ്തു നൽകിയ ചാർജിനത്തിൽ ലഭിക്കേണ്ട ബാക്കി തുക നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(എഫ്) പരാതിക്കാരിക്ക് ന്യായമായി ലഭിക്കേണ്ട തുക നൽകുന്നതിൽ അഞ്ചു വർഷക്കാലത്തെ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 37,130 രൂപ നൽകുവാനുണ്ട് എന്ന് അവകാശവാദമുന്നയിച്ചിട്ടുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട് പ്രസ്തുത അപേക്ഷയിൻമേലുള്ള അന്വേഷണം നടന്നു വരുന്നു.

(ബി) കെ. എസ്. ഇ. ബി.-ക്ക് നൽകിയ എല്ലാബില്ലുകളുടെയും കോപ്പികൾ ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) 6,250 രൂപയാണ് നൽകിയിട്ടുള്ളത്.

(ഡി) പ്രസ്തുത പരാതികൾ മേൽ നടപടികൾക്കായി കെ.എസ്.ഇ.ബി. മെമ്പർ (ഫിനാൻസ്), ഫൈനാൻഷ്യൽ അഡ്വൈസർ എന്നിവർക്ക് നൽകുകയുണ്ടായി.

(ഇ&എഫ്) ബന്ധപ്പെട്ട ഓഫീസിലെ കണക്ക് പ്രകാരം പ്രിന്റിംഗ് യൂണിറ്റ് ഉടമസ്ഥയ്ക്ക് ബാക്കി ലഭിക്കേണ്ട 3,880 രൂപ നൽകാനായി വൗച്ചർ ആവശ്യപ്പെട്ടത് പരാതിക്കാരി ഹാജരാക്കിയിട്ടില്ല. ഈ തുക സ്വീകരിക്കുവാൻ തുടക്കം മുതൽ തന്നെ പരാതിക്കാരി തയ്യാറായില്ല.

സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നടന്ന നിയമനങ്ങൾ

22 (4630) ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1993-ൽ വൈദ്യുതി ബോർഡിൽ എസ്. സി/എസ്. ടി. വിഭാഗത്തിൽപ്പെട്ട എത്രപേരെ വിവിധ തസ്തികകളിലേയ്ക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിച്ചിരുന്നു എന്ന് വെളിപ്പെടുത്തുമോ ;

(ബി) അതിനുശേഷം ഇവരെ തരംതാഴ്ത്താൻ എന്തെങ്കിലും നിർദ്ദേശം ലഭിച്ചിരുന്നോ ; എങ്കിൽ എവിടെ നിന്ന് എന്ന് വ്യക്തമാക്കാമോ ;

(സി) ഇതിനെതിരായി ഗവൺമെന്റോ ബോർഡോ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ :

(ഇ) ചീഫ് എഞ്ചിനീയർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ തസ്തികകളിൽ ജോലി ചെയ്യുന്ന എസ്. സി/എസ്. ടി. ജീവനക്കാരെ തരംതാഴ്ത്താതെതന്നെ അർഹരായവർക്ക് പ്രൊമോഷൻ നൽകാൻ ആവശ്യമായ തസ്തിക സൃഷ്ടിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly